File No.FWLD-B1/41/2020-FWLD

# പതിനാലാം കേരള നിയമസഭ

## പത്തൊമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.234

12.03.2020 -ൽ മറുപടിയ്ക്ക്

## വന്യജീവി സങ്കേതങ്ങളിലെ തേക്ക് പ്ലാന്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൽദോ എബ്രഹാം<br>ശ്രീ. സി. ദിവാകരൻ<br>ശ്രീമതി. ഇ.എസ്.ബിജിമോൾ<br>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ : | അഡ്വ.കെ.രാജു<br>(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ വനമേഖലയിൽ തേക്ക് ഉൾപ്പെടെയുള്ള പ്ലാന്റേഷൻ മരങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക മരം വച്ചു പിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) വന്യജീവി സങ്കേതത്തിനുള്ളിലെ തേക്ക് തോട്ടങ്ങൾ മുറിച്ചുമാറ്റി സ്വാഭാവിക വനം വച്ചു പിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തേക്ക് പ്ലാന്റേഷനുകളിൽ നിന്നും തടികൾ നീക്കം ചെയ്യുന്നതിന് തടസ്സമുണ്ടോ; ഇത്തരത്തിൽ പാകമായ തേക്ക് തടികൾ നീക്കം ചെയ്യാതിരിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; | (ബി) വന്യജീവി സങ്കേതങ്ങളിൽ ഉൾപ്പെട്ടിട്ടുള്ള തേക്ക് പ്ലാന്റേഷനുകളിൽ നിന്നും തടികൾ നീക്കം ചെയ്യുന്നതിന് തടസ്സമുണ്ട്. ഇത്തരത്തിൽ പാകമായ തേക്ക് തടികൾ നീക്കം ചെയ്യാതിരിക്കുന്നതുകൊണ്ട് സർക്കാരിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുവാനും കേരളത്തിലെ വനമേഖലയിലെ തേക്ക് ഉൾപ്പെടെയുള്ള തോട്ടങ്ങൾക്ക് പകരം സ്വാഭാവിക വനം വച്ചുപിടിപ്പിക്കുന്നതിനുള്ള സാധ്യത സംബന്ധിച്ച പഠനം നടത്തുന്നതിനുള്ള ഒരു വിദഗ്ധ സമിതി |

രൂപീകരിച്ചുകൊണ്ട് 10.05.2019 - ൽ സ.ഉ. (സാധാ) നം. 168/2019/വനം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മിറ്റിയിൽ താഴെ പറയുന്നവർ അംഗങ്ങളായിട്ടുണ്ട്.

1. ശ്രീ. അൻജൻ കുമാർ ഐ. എഫ്. എസ്, ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (വൈൽഡ് ലൈഫ്), പാലക്കാട് - ചെയർമാൻ.
2. ഡോ. ഇ. കുഞ്ഞികൃഷ്ണൻ (റിട്ട. പ്രൊഫസർ, സുവോളജി) - മെമ്പർ
3. ഡോ. പി. ബാലകൃഷ്ണൻ, വന്യജീവി ശാസ്ത്രജ്ഞൻ, കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് - മെമ്പർ
4. ഡോ. പി. ഒ. നമീർ, പ്രൊഫസർ & ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് വൈൽഡ് ലൈഫ് സയൻസ്, ഫോറസ്ട്രി കോളേജ് - മെമ്പർ
5. ശ്രീ. ജയിംസ് സക്കറിയ, റിട്ട. അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ - മെമ്പർ

(സി) വന്യജീവി സംരക്ഷണ നിയമം അനുശാസിക്കുന്ന വിധത്തിൽ, വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾ മുറിച്ചു നീക്കുന്നതിനുള്ള തടസ്സം എങ്ങനെ നീക്കമെന്നറിയിക്കുമോ;

(സി) സർക്കാർ ഉത്തരവ് സ. ഉ. (സാധാ) നം. 168/2019/വനം തീയതി 10.05.2019 പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ പഠന റിപ്പോർട്ട് പരിഗണനാർഹമെങ്കിൽ ചീഫ് വൈൽഡ് ലൈഫ് വാർഡന്റെ ശുപാർശയോടെ സംസ്ഥാന വന്യജീവി ബോർഡിന്റെ പരിഗണനയ്ക്ക് വയ്ക്കേണ്ടതും തുടർന്ന് ബോർഡിന്റെ ശുപാർശയോടുകൂടി ദേശീയ വന്യജീവി ബോർഡിന്റെ അനുവാദത്തിനായി സമർപ്പിക്കേണ്ടതുമാണ്. ദേശീയ വന്യജീവി ബോർഡിന്റെ അനുവാദം ലഭിച്ചാൽ തേക്ക് മരങ്ങൾ മുറിച്ചു മാറ്റാവുന്നതാണ്.

| | |
|---|---|
| (ഡി) വന്യജീവി സങ്കേതങ്ങളിലെ തേക്ക് തോട്ടങ്ങൾ മുറിക്കുകയാണെങ്കിൽ തടികളുടെ വില്പന നടത്തുമോയെന്നും വില്പന നടത്തുന്നത് എപ്രകാരമായിരിക്കുമെന്നും അറിയിക്കുമോ? | (ഡി) തേക്ക് തോട്ടങ്ങൾ മുറിക്കുമ്പോൾ കിട്ടുന്ന തടികൾ വനം വകുപ്പിന്റെ നിലവിലുള്ള ചട്ട പ്രകാരം ഇ-ലേലം (E-auction) വഴി വിറ്റഴിക്കാവുന്നതാണ്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ